പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2457 — 18-6-2014-ൽ മറുപടിക്ക്

ഏറണാകുളം ജില്ലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏറണാകുളം ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്; | (എ) | എറണാകുളം ജില്ലയിലെ താഴെപ്പറയുന്ന നിയോജകമണ്ഡലങ്ങളിലാണ് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>1. എറണാകുളം.<br>2. കൊച്ചി.<br>3. കുന്നത്തുനാട്.<br>4. അങ്കമാലി.<br>5. കളമശ്ശേരി.<br>6. കോതമംഗലം.<br>7. മൂവാറ്റുപുഴ.<br>8. പിറവം.<br>9. ആലുവ.<br>10. തൃപ്പൂണിത്തുറ.<br>11. തൃക്കാക്കര. |
| (ബി) | അങ്കമാലി നിയോജക മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | സാമ്പത്തികാനുമതി ലഭിച്ച 7.27 ലക്ഷം രൂപയുടെ ജോലികൾ കഴിച്ചുള്ള 317 ലക്ഷം രൂപയ്ക്ക് കറുകുറ്റി-മൂക്കന്നൂർ കുടിവെള്ള പദ്ധതിയിലെ പൈപ്പുകൾ മാറ്റി ഇടുന്നതിനുവേണ്ടിയും അയ്യമ്പുഴ പഞ്ചായത്തിലെ പഴകിയ പൈപ്പുകൾ മാറ്റിയിടുന്നതിനുവേണ്ടിയും ഉള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | (സി) | വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉടനെ തന്നെ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ